**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6752** | **21-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയ്ക്കുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര -സംസ്ഥാന വിഹിതമുൾപ്പടെ 569.64 കോടി രൂപ (അഞ്ഞൂറ്റി അറുപത്തൊൻപത് കോടി അറുപത്തി നാല് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇന്ധനച്ചെലവ്, പാചകത്തൊഴിലാളികളുടെ ശമ്പളം എന്നിവയ്ക്ക് പ്രത്യേകം തുക നീക്കി വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉച്ചഭക്ഷണത്തിനായി വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള വിഹിതത്തിൽ നിന്നും ഈ ചെലവ് നിർവഹിക്കേണ്ടി വരുമോ; വ്യക്തമാക്കുമോ? | (ബി) | വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) തുകയിൽ നിന്നാണ് ഇന്ധന ചെലവ് വഹിക്കുന്നത്. എന്നാൽ പാചകത്തൊഴിലാളികളുടെ വേതനം/ഓണറേറിയം നൽകുന്നതിനായി പ്രത്യേകം തുക മാറ്റി വെച്ചിട്ടുണ്ട്. ടി തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേന പാചകത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ